# 111
# ബാലകവിതകൾ

ഇബ്രാഹിം പൊന്നാനി

## 1. എന്റെ നാട്

നീളേ നിള നിറഞ്ഞൊഴുകും-
നിത്യമനോഹരിയെന്റെ നാട്.
നിത്യവും പൂക്കൾ വിടർന്നുവിലസും
നിത്യസൗഭാഗ്യം നിറഞ്ഞനാട്.
പുകൾപെറ്റ വഞ്ചിപ്പാട്ടിന്റെ ഈരടി
പൂങ്കാറ്റിലോടിവരുന്ന നാട്.
പൂങ്കുയിൽ പാടിപ്പറന്നുനടക്കും
പൂമ്പാറ്റ പാറിവരുന്ന നാട്.
തെങ്ങുകളെങ്ങും നിറഞ്ഞുനിന്ന്
തലയാട്ടി താലോലമാടും നാട്.
സത്യവും നീതിയും തുല്യത പാലിക്കും
ഐശ്വര്യദേവിയാണെന്റെ നാട്.

## 2. പൂരം കാണാൻ

പൂരം കാണാൻ പോരുമോ നീ-
പുഞ്ചവയൽ കൊയ്യും കൊച്ചുകന്നീ,
കുന്നിൻമേലൂടെ നടന്നുപോകാം
കുന്നികുരുവിനേം കൂട്ടുകൂട്ടാം.
കുന്നികുരുവിന്റെ കൈപിടിക്കാം.
കുഞ്ഞല്ലേ, പോന്നോട്ടെ പൂരമല്ലേ?
പൂരവും കണ്ടിങ്ങ് പോന്നിടുമ്പോൾ
പൊൻവളേം പൊൻമാലേം വാങ്ങിത്തരാം
പൂരം കാണാൻ പോരുമോ നീ-
പുഞ്ചവയൽ കൊയ്യും കൊച്ചുകന്നീ.

**3. പാവം പുലി**

പുലിവരുന്നേ പുലിവരുന്നേ,
പല്ലുപോയ പുലിവരുന്നേ!
പല്ലെടുത്തവനാരെടോ എന്ന്
മെല്ലെ ചൊല്ലവേ,
പുലി കരഞ്ഞ് ചൊല്ലിടുന്നു-
കാട് കട്ടെടുത്തവർ പല്ലെടുത്ത് പോയെടോ.
പുലിപ്പല്ലു മാല തീർത്തെടോ!

**4. കാറ്റേ വാ...**

ഓമൽ കുഞ്ഞിനൊരുമ്മ കൊടുക്കാൻ
വായോ, തെക്കൻകാറ്റേ വാ.
തെക്കാ മലയുടെ നെറുകയിലൊഴുകും
അരുവീ കുളിരും കൊണ്ടേ വാ.
അറിയേണ്ടാരും കാണേണ്ട-
അവിടേം ഇവിടേം തങ്ങേണ്ടാ!

**5.ഗ്രാമം**

തോടുണ്ട്, തോട്ടിൻകരയിലുണ്ട്-
കളിവീട് പോലുള്ള ചെറു വീടുകൾ!
വയലുണ്ട്, വരമ്പുണ്ട്, വരമ്പിലുണ്ട്
കരിമ്പനക്കൂട്ടം വളരുന്നുണ്ട്.
വളവുണ്ട്, വഴിയുണ്ട്, വഴിയിലുണ്ട്
കരിയിലകൂട്ടം കരയണുണ്ട് !
പ്ലാവുണ്ട്, മാവുണ്ട്, മാവിലുണ്ട്
മാങ്ങ പഴുത്ത് കിടക്കണുണ്ട്.

കാലത്ത് കാലികൾ മേയുന്നൊരിടമുണ്ട്-
ഇടമാകെ പുല്ല് വളരുന്നുണ്ട്.

## 6. വിമാനം

തലയ്ക്കു മീതെ പറന്നുനടക്കും
യന്ത്രപ്പക്ഷി നിൻ തന്ത്രം
ഓർക്കുംനേരം ഞങ്ങൾക്കിന്നും
അത്ഭുതമല്ലോ ചങ്ങാതി.
വയറ് നിറച്ചും ആളെ വിഴുങ്ങും
ഒപ്പം ബാഗും സഞ്ചികളും!
എന്നിട്ടും നീ പതറാതങ്ങനെ
വാനിൽ പാറിപ്പോകുമ്പോൾ
എന്നും ഞങ്ങൾ ആർത്തു വിളിക്കും.
"താഴെ വായോ" എന്ന് വിളിക്കും.

## 7.വമ്പൻ സൂചി

ഒറ്റക്കൊമ്പൻ സൂചി ഞാൻ
ഒറ്റക്കുത്തിന് പണിയാക്കും!
വാലിൽ നൂല് കൊരുത്തെന്നെ
പണിചെയ്യിക്കാൻ നോക്കുന്നോ?
പണ്ടേ ചെയ്യും പണിയല്ലേ
പലവുരു നിർത്താൻ ചൊന്നില്ലേ?

## 8. ഞാനാര്?

കല്ലും മുള്ളും കൊള്ളാതെ,
എല്ലും കോലും കയറാതെ,

കാലിൽ കാവലിരിക്കുന്നെന്നെ-
പലരൂപത്തിൽ കാണാലോ
തപ്പാതുത്തരമറിയണമെങ്കിൽ
കാലിൽ നോക്കു കണ്ടെത്താം.

## 9. കളിയാക്കില്ലേ?

കാക്കേ കാക്കേ കാലത്തിങ്ങനെ-
ക്രാ... കാ... ചൊല്ലികൊമ്പിലിരുന്നാൽ-
കണ്ടവരൊക്കെ കളിയാക്കില്ലേ-
കുണ്ടാമണ്ടിക്കാക്കേ നിന്നെ,
ഇരയും തേടി പൊയ്ക്കോളൂ
ഇരുളും മുമ്പേ തിരിച്ചോളൂ!

## 10. തടിതപ്പിക്കോ

കാക്കേ കള്ളക്കാക്കേ നിന്റെ-
ഉള്ളിലിരിപ്പ് നടക്കില്ല
ഉണ്ണികൾ ഞങ്ങടെ കൈയിലിരിക്കും
അപ്പക്കഷണം കിട്ടില്ല.
തട്ടിയെടുക്കാനാണോ ഭാവം
തടികേടാകും ചങ്ങാതി!
തടിതപ്പിക്കോ തടിതപ്പിക്കോ-
താഴെ കല്ല് കിടപ്പുണ്ട്.

## 11. കാറ്റിനോട്

ഇല്ലിക്കാടുകൾ തോറും ചുറ്റി-
യടിക്കും ചെല്ലക്കാറ്റേ വാ.

മാവിൻചില്ല കുലുക്കിത്താ
നല്ലൊരു മാങ്ങ വീഴ്ത്തിത്താ
പള്ള നിറച്ചും തിന്നട്ടെ-
എൻ വായയ്ക്കൊരുപണിയാകട്ടെ.

**12. മാമ്പഴക്കാലം**

മലയാളക്കരയാകെ-
മാമ്പഴകാലമായ്.
മാവിന്റെ കൊമ്പത്ത്
കാക്കകൾ കാവലായ്
ഒരു കൊച്ചു മാമ്പഴം-
കിട്ടുവാൻ ഞങ്ങളും
കൂട്ടമായ് മാവിന്റെ-
ചോട്ടിലുറക്കമായ്!

**13. പമ്പരത്തിന്റെ നൊമ്പരം**

ഒരു പാവം പമ്പരമാണ് ഞാൻ
ഒരുപാട് നൊമ്പരമെന്നുള്ളിൽ
വികൃതിക്കുട്ടന്മാർ നിത്യവുമെന്നെ-
നിലത്തിട്ട് വട്ടം കറക്കുന്നു കഷ്ടം.

**14. മാനം**

മഴമുകിലോടി നടക്കും മാനം!
മഴവിൽ പീലി വിടർത്തും മാനം!
മന്ദം പകലൊളിമായുമ്പോൾ
മോഹനമല്ലോ ചെമ്മാനം.

**15. സൂര്യൻ**

കിഴക്കൊരു കോഴി മുട്ടയിട്ടു
പൊന്നൊളി തൂവും വൻമുട്ട
തട്ടീം മുട്ടീം പൊട്ടാതെ-
എങ്ങും പൊട്ടിച്ചിതറാതെ-
മുട്ട വരുന്നു, പടിഞ്ഞാറൻ-
കടലിൽ മുങ്ങിതാഴുന്നു.

**16. ഫേൻ**

തട്ടിൻമേൽ തലകീഴായി-
തൂങ്ങും ഞാൻ വവ്വാലല്ല
സ്വിച്ചൊന്നിടുകിൽ തിരിയും ഞാൻ
ചുറ്റും കാറ്റ് പരത്തും ഞാൻ
വൈദ്യതിയാണെൻ ആഹാരം
ഫേനെന്നാകുന്നെന്നുടെ പേർ.

**17. വാഴ**

ഒറ്റത്തടിയായ് വളരുമെന്നെ-
ഒറ്റയ്ക്കും കൂട്ടായും കണ്ടിരിക്കാം
നാവിന്റെ രൂപത്തിലാണിലകൾ
നാട്ടാര് സദ്യയ്ക്ക് കൊണ്ടുപോകും
കൊത്തിക്കിളച്ച് വളം തരുകിൽ
കൂറ്റനൊരു കുല നൽകിടും ഞാൻ.

**18. നീരാട്ട്**

മാനേറും മല
മയിലാടും മല
മലമേലുണ്ടൊരു ചെറുചോല
ചോലയിൽ നീരാടുന്നതു കാണാം
മാനത്തമ്പിളി മണവാട്ടി.

**19. തേൻകുരുവി**

കുഞ്ഞിക്കുരുവി തേൻകുരുവി
തേടുവതെന്തേ തേനാണോ
നിൻ ചുണ്ടിൽ ഉതിരും തേൻ-
മൊഴികൾ തേൻനുകരുന്നതിനാലാണോ!

**20. ഘടികാരം**

ഇരുകണകൾ ഇല്ലാത്തോനെങ്കിലും പക്ഷേ
ഇരുകൈകളാലിവനക്കങ്ങൾ തപ്പും
മണിക്കൂറുകൾതോറും മണിവീണമീട്ടും
മധുരമായ് മന്ത്രിച്ചുറക്കമുണർത്തും
ചുമരാണ് സ്ഥിരസ്ഥാനമെങ്കിലും പക്ഷേ
മേശപ്പുറത്തും ചിലപ്പോഴിരിക്കും
കൃത്യനിഷ്ഠക്ക് പേരെടുത്തോനിവൻ
പേരാണ് ഘടികാരമെൻ കൂട്ടുകാരെ

**21. കരിമുകിലാനകൾ**

കരിമുകിലാനക്കൂട്ടങ്ങൾ-
അംബരമുറ്റത്തടരാടി.

കൊമ്പുകൾ തമ്മിൽ കൂട്ടിയുരസി
മിന്നൽപിണരായ് തീ പാറി.
പടയുടെ ജോറിൽ ഇടിവെട്ടി-
പ്പൊട്ടി മണ്ണും വിണ്ണും വിറകൊള്ളേ,
ആ വഴിവന്നൊരു വിരുതൻ കാറ്റും-
പടയണിചേർന്നൊരാനേരത്ത്
മഴനീരായിട്ടെത്തി മണ്ണിൽ-
കരിമുകിലാനക്കൂട്ടങ്ങൾ.

## 22. നിലാവുള്ള രാത്രിയിൽ

ഒഴിഞ്ഞ നെൽപാടങ്ങൾ നിറയെ-
നുരഞ്ഞ പൂ നിലാപ്പാല്
പാല് നുകർന്നൊരു പാട്ടും പാടി
മാവിൻ ചില്ലയിൽ രാപ്പാടി
പാട്ടിനു താളം നൽകാനെത്തി
ചീവീടുകൾ, മണ്ണട്ടകളും
ഒട്ടിടവിട്ടിട്ടുയർന്നു കേൾക്കാം-
കുറുനരികളുടെ കുരവയിടൽ.

## 23. ഉണരൂ

ചില്ലയിൽ തലചായ്ച്ചുറങ്ങും-
കൊച്ചു പിച്ചകപ്പൂവേ ഉണരൂ
പൊൻപ്രഭതൂകിപ്പുലർകാലമെത്തി-
പൂങ്കോഴികളെങ്ങും കൂവുന്നു.
കൊച്ചുകിളികളും കൊച്ചുകിടാങ്ങളും
പിച്ചവെച്ചെത്തി നിൻ ചാരെ

പൂത്തുമ്പികൾ പയ്യെ ചിറകുകൾ വീശി-
എത്തുന്നുവല്ലോ നിന്നെത്തേടി.

**24. മഞ്ഞിൻമുത്തുകൾ**

പുലരിയിൽ പൂവിലും-
പുൽകൊടിത്തുമ്പിലും-
തിളങ്ങിടും മഞ്ഞിൻമുത്തുകളേ!
രാത്രിയിൽ മാനത്തെ മാലാഖ-
മാരുടെ മാലതൻ ഇഴ-
പൊട്ടി വീണതാണോ.

**25. കുട്ടിയും മിന്നാമിനുങ്ങും**

കുട്ടി : പകൽ പോയനേരത്ത്
പെരുവഴിയോരത്ത് പരതു-
ന്നതെന്തെന്റെ കൂട്ടുകാരാ?
മിന്നാമിനുങ്ങ് : പണ്ടെന്റെ പൊൻപണം
വീണതെടുക്കുവാൻ മിന്നും-
വിളക്കുമായ് വന്നു ഞാൻ കൂട്ടരേ.

**26. എങ്ങോട്ട്?**

പച്ചയുടുപ്പിട്ട കൊച്ചുതത്തേ,
പാടിപ്പറക്കുവതെങ്ങോട്ടാ?
പുഞ്ചപ്പാടം കൊയ്യാനോ-
പുത്തൻ കൂട് ചമയ്ക്കാനോ?
പുലരിയിൽ പൂമഴ കൊണ്ടിട്ട്

പറന്നു പോകുവതെങ്ങോട്ട്?

## 27. നല്ല തിരി

കത്തും നേരം കണ്ണീർ തൂവും-
ഈ തിരി ഇത്തിരിയുള്ള തിരി
ഇത്തിരിയുള്ളവനാണെന്നാലും-
ഒത്തിരി നല്ലവനേത് തിരി?

## 28. കാറ്റും കുളിരും

കാടും മേടും ചുറ്റിവരും-
കാറ്റേ ചൊല്ലൂ ചങ്ങാതി
നീയണയുമ്പോഴെന്തിത്ര-
കുളിരിൻ കാരണമറിയാമോ?
ആറ്റിൽ മുങ്ങിനിവർന്നിട്ടോ-
ഈ വഴി വന്നത് ചൊല്ലു നീ!

## 29. മണ്ടനും മൂവാണ്ടനും

മൂവാണ്ടൻ മാവിന്റെ ചോട്ടിലിരിക്കുന്ന-
മണ്ടന്റെ മണ്ടക്ക് മാങ്ങ വീണപ്പം-
പൊട്ടികരഞ്ഞത് മണ്ടനോ-
മിണ്ടാത്ത മൂവാണ്ടനോ?

## 30.ഞാനാര്

കണ്ണില്ലെനിക്ക്-
മൂക്കില്ലെനിക്ക്-
കയ്യില്ലെനിക്ക്-

കാലില്ലെനിക്ക്-
വയറുണ്ടെനിക്ക്-
വിശപ്പില്ലെനിക്ക്
നെല്ല് തന്നോളൂ
തിന്നില്ല ഞാൻ!
ഞാനാരാ പറ?

## 31.കഷ്ടം

ചേലുള്ള ചെണ്ടുള്ള
വാലുള്ള പട്ടം
കുട്ടൻ പറത്തുന്ന
കൊച്ചുപട്ടം
വാനിടം തന്നിൽ വിലസുന്ന പട്ടം-
കണ്ടാലഴകുള്ള കൊച്ചുപട്ടം
പക്ഷേ പരുന്തൊന്ന് കൊത്തിയപ്പോൾ നൂലറ്റ് പോയി-
പെരുത്ത് കഷ്ടം!

## 32.പൂപ്പാട്ട്

നീളമുള്ള തണ്ട്
വെളു വെളുത്ത തണ്ട്
തണ്ടിലുണ്ട് മൊട്ട്
മൊട്ടിലുണ്ട് ഞെട്ട്
മൊട്ടിലുള്ള ഞെട്ടിൽ-
തീയ്യ് കൊണ്ട് തൊട്ടാൽ
പൂ വിടരും ഹാ, ഹാ
തണ്ട് തിന്നും പൂവ്!

**33.ചിരവ**

നാവും നീട്ടിയിരിക്കുന്നോൻ-
നാവിന് ചുറ്റും പല്ലുള്ളോൻ
നാവാലൊന്നും മിണ്ടാത്തോൻ-
തേങ്ങാമുറികൾ കരളുന്നോൻ

**34.പുലരിപ്പൂവ്**

കിഴക്ക് ദിക്കിൽ പുലരാൻ കാലം-
പൊൻ നിറമുള്ളൊരു പൂവിരിയും.
പൂവിരിയുമ്പോൾ പുലരിവരും-
പൂ പൊഴിയുമ്പോൾ രാത്രി വരും-
രാവും പകലും കൊണ്ടുവരും-
പുലരിപ്പൂവിൻ പേരെന്ത്?

**35.അരുതേ**

കാട് കുലുക്കും കരിവീരാ-
കഥയറിയാതെ നടക്കരുതേ.
കഥയറിയാതെ നടന്നെന്നാൽ
വാരിക്കുഴിയിൽ കഥ കഴിയും.

**36.ആരിവൻ ?**

വായു വിഴുങ്ങിയ നേരത്തിവനൊരു-
തക്കിടിമുണ്ടൻ ചങ്ങാതി
താഴത്തിട്ടൊരു തട്ട് കൊടുത്താൽ-
തുള്ളിച്ചാടി നടന്നീടും
തട്ടും മുട്ടും കൊള്ളാനൊട്ടും-

മടിയില്ലാത്തവനിവനാര്?

## 37.പഞ്ചവർണക്കിളി

ദൂരെ ദൂരെ വാനിടത്തിൽ-
പഞ്ചവർണക്കിളി പാറിടുന്നു.
അഞ്ചു നിറങ്ങളിലെന്തു ചന്തം
കാലത്ത് നൂലിൽ പറന്നതാണ്.
കാറ്റിന്റെ കൈകളിൽ പോയതാണ്
നൂലറ്റ് പോകാതെ നോക്കിടുവാൻ-
കാലത്തേ കുട്ടനും കാവലാണ്
പഞ്ചവർണക്കിളിയേത് ചൊല്ലൂ
പഞ്ചാരമിഠായി കൊണ്ടുതരാം.

## 38. കത്രിക

വായപെരുത്തവൻ വയറില്ലാത്തവൻ
കടലാസ് കിട്ടിയാൽ കഷ്ണമാക്കുന്നവൻ.
സൂക്ഷിച്ച് കൈകാര്യം ചെയ്യാതിരുന്നാൽ
അയ്യയ്യോ വിരലും കടിക്കുന്ന വീരൻ.

## 39. കൂട്ടുകാരൻ

നിഴലെന്റെ കൂട്ടുകാരൻ-
നിറം കറുത്ത കൂട്ടുകാരൻ
നിത്യവും എന്നോടൊപ്പം കാണും.
നിഴൽ നല്ലൊരു കൂട്ടുകാരൻ
ഞാനുണരും നേരത്തുണരും-
ഞാനോടും നേരത്തോടും

ഞാനുറങ്ങും പായക്കരികിൽ-
പാവത്താൻ ചേർന്നുമയങ്ങും
നിഴലെന്റെ കൂട്ടുകാരൻ-
നിറം കറുത്ത കൂട്ടുകാരൻ.

**40. പപ്പടം**

വട്ടത്തിലുള്ള ഇലയാണ്
മട്ടത്തിലുള്ള ഇലയാണ്
മനുഷ്യൻ തിന്നും ഇലയാണ്
മരത്തിൽ ഇല്ലാത്തിലയാണ്.

**41. കസേര**

നാലുകാലുള്ളവൻ-
നടന്നു നീങ്ങാത്തവൻ
നടന്നെത്തും നേരത്ത്-
ഇരിപ്പിടം നൽകുന്നവൻ
നല്ലവനാണിവൻ.
നാലുകാലുള്ളവൻ!

**42.മെഴുകുതിരി**

ഞാനൊരു പാവം മെഴുകുതിരി
ഉരുകിമരിക്കാനാണ് വിധി!
ഉരുകിമരിക്കും നേരത്തും
ഉള്ളിൽ നിറയും സന്തോഷം
വെട്ടം കാട്ടാനൊത്തല്ലോ-
വെറുതെ മരിച്ചില്ലല്ലോ ഞാൻ ?

**43. അപ്പൂപ്പൻതാടി**

മൂത്ത് നരച്ചൊരു മുത്തച്ഛൻ-
പാറിനടക്കും മുത്തച്ഛൻ
പാവം നമ്മുടെ മുത്തച്ഛൻ
അയ്യോ മാവിൻ കൊമ്പത്ത്!

**44. പാവം, ങ്യാവൂ!**

പത്തിരിചുട്ടു പാത്തുമ്മ
'മേസ്തിരി' പോലെ പൂച്ചമ്മ
പാത്തുമ്മായുടെ കണ്ണും തെറ്റി
പത്തിരിവെച്ചൊരു പാത്രം ബാക്കി
അയ്യോ പാവം പാത്തുമ്മ
ങ്യാവൂ... ങ്യാവൂ... പൂച്ചമ്മ

**45. പപ്പടം**

എണ്ണയിൽ വീഴും മുമ്പേ ഞാനോ-
സുന്ദരനാണേ ചങ്ങാതി
എണ്ണയിൽ വീണാൽ മേലാസകലം-
പൊള്ളിപ്പൊങ്ങുകയെന്റെ ഗതി
ഒടുവിൽ ചടപട തീൻമേശമേൽ
പൊടിപൊടിയാവുകയാണെൻ വിധി!

**46. ടോർച്ച്**

പള്ളയ്ക്കിട്ടൊരു ഞെക്ക് കൊടുത്താൽ-
ഒറ്റക്കണ്ണൻ കണ്ണ് മിഴിക്കും
ഒറ്റക്കണ്ണ് മിഴിച്ച് ചിരിച്ചാൽ

ഇരുളെങ്ങോട്ടോ ഓടിയൊളിക്കും.

## 47. പൂഞ്ചോല

ദൂരെ മലയുടെ മടിയിൽ നിന്നും-
ഒഴുകിവരുന്നൊരു പൂഞ്ചോല!
കലപില ചൊല്ലി ചിരിനുരവിതറി
കുതിച്ച് പായും പൂഞ്ചോല!
കുളിരും കൊണ്ട് വരുന്നത് കണ്ടോ -
കുസൃതിമൂത്തൊരു പൂഞ്ചോല

## 48. മഴമുത്തുകൾ

ചറുപിറചറുപിറ വിണ്ണിൽനിന്നും-
മഴയുടെ ചെറുചെറുമുത്ത് പൊഴിഞ്ഞു
മുറ്റം നിറയെ മുത്ത് കുമിഞ്ഞു
മുട്ടോളം മഴ മുത്തിലമർന്നു!

## 49.പൂന്തോപ്പ്

അന്തിപിറക്കും നേരത്ത്-
ആകാശം ഒരു പൂന്തോപ്പ്-
അരിമുല്ലപ്പൂവിരിയുംപോൽ-
താരകൾ കണ്ണ് മിഴിക്കുന്നു.
വെള്ളത്താമര മലർപോലെ-
അമ്പിളിമാമനുദിക്കുന്നു.
അന്തികഴിഞ്ഞാലാകാശം
അങ്ങനെയല്ലാതാകുന്നു.

## 50. പന്തൽ

അകലെ നീലപ്പന്തലുണ്ട്
പന്തലിൽ അമ്പിളിമാമനുണ്ട്
താരകദീപങ്ങൾ കണ്ണ് ചിമ്മും-
ആകാശപ്പന്തലിനെന്തു ചന്തം!

## 51. പൂത്തിരി

അമ്പിളിമാമനൊരായിരം പൂത്തിരി-
കത്തിച്ച് നിൽക്കുന്നു വിണ്ണിൽ
ആ തിരി പൂത്തിരി ആകാശപ്പുത്തിരി-
താരകപ്പുഞ്ചിരിയാണല്ലോ?

## 52. കാറ്റേ

ആരോരും കാണാതെ വന്ന കാറ്റേ
ആരെയോ തേടി നടന്ന കാറ്റേ
എന്നെയും വന്നൊന്നു തൊട്ടുമെല്ലെ
എന്നെയുമല്ലെന്ന് ചൊല്ലിമെല്ലെ!
പൂക്കളെ തൊട്ടുതലോടി നിന്നു
പിന്നെയും പോക്ക് മുന്നോട്ട് തന്നെ!

## 53.മൺവീട്

കടലോരത്തൊരു മൺവീട്-
കൗതുകമേറും കളിവീട്
കതകില്ലാത്തൊരു ചെറുവീട്
കടലലവന്നു തകർത്തല്ലോ.

**54. പറയാമോ**

കാറ്റ് വിഴുങ്ങിയ നേരത്തിവരെ-
കാണാനെന്തൊരു ചന്തം!
കാറ്റില്ലാത്തൊരു നേരത്തിവരെ-
കാണാനില്ലൊരു ചന്തം
പുരപ്പുറമ്പിൽ പാഴ്മരക്കൊമ്പിൽ
പൂത്ത് നിന്നതു കാണാം
പൂരം കണ്ടുവരും നേരത്ത്-
പുരയിൽ കൊണ്ടുവരും ഞാൻ
ഇവരാരാണെന്നറിയാമോ?
അറിയാമെങ്കിൽ പറയാമോ?

**55. താരക ചിരി**

ആകാശത്തിൻ അഴകായി
അരിമുല്ലപ്പൂച്ചിരി തൂകി
തെളിവാനത്തിൽ വന്നെത്തി
നിൽക്കും മോഹനതാരകളേ,
അന്തിപിറക്കും നേരത്ത്-
പുഞ്ചിരിതൂകി വന്നിട്ട്-
പകലൊളി കാണും നേരത്ത്
നിങ്ങൾ പോകുവതെങ്ങോട്ട്?

**56. മിന്നാമിന്നികൾ**.

വയലേലകളിൽ ആര് കൊളുത്തി-
കുഞ്ഞുവിളക്കുകൾ നൂറെണ്ണം
മിന്നുന്നല്ലോ മങ്ങുന്നല്ലോ-

പയ്യെപ്പാറി വരുന്നല്ലോ!
അയ്യയ്യോ കുഞ്ഞുവിളക്കുകൾ
മിന്നാമിന്നികളാണല്ലോ!

## 57. മഞ്ഞുതുള്ളി

പുൽക്കൊടിത്തുമ്പത്ത് തൂങ്ങിനിന്നു
പുലരാൻ കാലം മഞ്ഞുതുള്ളി
കാറ്റൊന്നു മെല്ലെ തലോടിയപ്പോൾ-
പിടിവിട്ട് വീണുപോയ് മഞ്ഞുതുള്ളി
മണ്ണിൽ മറഞ്ഞുപോയ് മഞ്ഞുതുള്ളി.

## 58. പൂമ്പാറ്റയോട്

പൂവിന് ചുറ്റും ചുറ്റിപ്പറ്റി-
പാറിനടക്കും പൂമ്പാറ്റേ,
പുലരാൻ കാലം പൂമധുതേടി
പാറിവരുന്നൊരു പൂമ്പാറ്റേ
പൂമധുവുണ്ട് പറക്കുംനേരം-
കുഞ്ഞിപ്പൂവിനെ ഓർത്തിടുമോ?
'തേൻകഞ്ഞികുടിച്ചത്' ഓർത്തിടുമോ?

## 59. അടികിട്ടാനോ?

കാർമുകിൽവർണാ കരിവീരാ!
കാട് കുലുക്കും ഗജവീരാ!
കാലിൽ കൂച്ചുവിലങ്ങോടെ-
കാലത്തെവിടെ പോകുന്നു?
തടിപൊക്കാനായ് പോകുന്നോ-

അടികിട്ടാനായ് പോകുന്നോ?

**60. തളിക**

കിഴക്ക് നിന്നൊരു പൊൻതളിക
വിണ്ണിൽ പൊങ്ങിപ്പോകുന്നു
വെളിച്ചമേകും പൊൻതളിക
ഇരുട്ടകറ്റിടുന്നൂ!

**61. പട്ടം**

കൗതുകമേറുന്ന കൊച്ചുപട്ടം
കാറ്റത്ത് നൃത്തം വെച്ചിടുന്നു
കാലത്തേ പാറി പറന്നിടുന്നു.
കാതങ്ങൾ ദൂരെ വാനിടത്തിൽ.
വാനിലായ് കാഴ്ച്ചകളെന്തു കണ്ടു-
താഴെവരുംനേരം ചൊല്ലിടാമോ?

**62. അരുതേ!**

മുറ്റം നിറയെ മഴവെള്ളം
മുട്ടിനു മീതെ മഴവെള്ളം
മഴവെള്ളത്തിൽ കളിവള്ളം
കുട്ടനിറക്കിയ ചെറുവള്ളം
കാറ്റേ വന്നു ചതിക്കല്ലേ
വള്ളം തട്ടി മറിക്കല്ലേ-
വള്ളം തട്ടി മറിച്ചാലോ-
കുട്ടനുള്ളം പിടക്കില്ലേ?!

**63. പൂവ്!**

മധുവില്ലാപൂ, മണമില്ലാപൂ,
മലർവാടികളിൽ കാണാത്ത പൂ-
ച്ചെടിയിൽ വിടരാപൂവിൻ പേരത്-
ചൊടിയുള്ളവരേ ചൊല്ലാമോ?

**64. ഇവനാര്?**

ഇരുകരതമ്മിൽ കൂട്ടിയിണക്കാൻ-
ഒരുവരപോലെ കിടക്കുന്നവനുടെ
പെരുമഴയത്തും പൊരിവെയിലത്തും
നീണ്ടുനിവർന്നു കിടക്കുന്നവനുടെ
വണ്ടികൾ നെഞ്ചത്തേറ്റുന്നവനുടെ-
പേരത് പറയു പതറാതെ!

**65. പുകവള്ളി**

ചുറ്റിപ്പടരാത്ത വള്ളിയാണ്-
ചുറ്റും പടരുന്ന വള്ളിയാണ്
പൂവൊന്നും പൂക്കാത്ത വള്ളിയാണ്
വായുവിൽ പടരുന്ന വള്ളിയാണ്
ഈ വള്ളി ഏതെന്ന് ചൊല്ലിടാം ഞാൻ
'പുകവള്ളി'യാണല്ലോ കൂട്ടുകാരെ!

**66. അമ്പിളിഅമ്മാവൻ**

താഴെ നടക്കും നേരത്ത്-
കൂടെ നടക്കും മാനത്ത്
താഴെ നിൽക്കും നേരത്ത്

നിൽക്കും വിണ്ണിൻ മുറ്റത്ത്:
വെളുത്ത നിറമുള്ളവനാര്
വെളുപ്പിനില്ലാത്തവനാര്?

## 67. ഓന്ത്

പച്ചിലക്കൂട്ടത്തിൽ ചെന്നിരുന്നാൽ-
ഇവനൊരു പച്ചപ്പാവം
പഴുത്തിലക്കൂട്ടത്തിൽ ചെന്നുനിന്നാൽ-
പഴുത്തില പോലെ നിറം മാറ്റും
നിറങ്ങളിങ്ങനെ മാറിടുവാൻ നീയൊരു
രാഷ്ട്രീയക്കാരനാണോ?

## 68. തിരകൾ

ഒരു തിര മുന്നിൽ
മറു തിര പിന്നിൽ
പിന്നിലായ് തിര-
പിന്നെയും തിര
നിരനിരയായിവരുന്നൂതിരകൾ
തീരം തൊട്ടു തിരിഞ്ഞോടുന്നു.

## 69. കിളിചൊല്ലുന്നു

മാവിൻ ചില്ലയിലൊരു കിളിവന്നു
മണിമണിപോലെ കിളിചൊല്ലുന്നു
കളിയാടാൻ വാ കുട്ടികളെല്ലാം
കളിചൊല്ലാൻ വാ കിളിചൊല്ലുന്നു!

## 70. രസിച്ചോട്ടെ?

ശർക്കരകൊണ്ടൊരു വീടുതരാം-
പനയോലകളാൽ മേഞ്ഞുതരാം-
കരിമ്പ് വേലികൾ തീർത്തുതരാം-
ചോറും പഴവും ചേർത്ത് തരാം.
കൊമ്പാ ഞാനങ്ങെത്തട്ടെ
കൊമ്പ് തലോടി രസിച്ചോട്ടെ?

## 71. മുത്ത്യമ്മ

മുക്കത്തുണ്ടൊരു മുത്ത്യമ്മ
മൂക്ക് വളഞ്ഞൊരു മുത്ത്യമ്മ
മൂന്നും കൂട്ടി മുറുക്കിയിരിക്കും
മുതുക് വളഞ്ഞൊരു മുത്ത്യമ്മ
മുത്ത്യമ്മക്കൊരു വടിയുണ്ടേ
കുത്തിനടക്കാൻ കൊതിയുണ്ടോ?

## 72. അമ്പിളി

ആരാര് മാനത്ത് ചുട്ടുവച്ചു-
ഹായ്! നല്ല വെള്ളപ്പം കൂട്ടുകാരെ
ആരാര് മേഘത്തളികകൊണ്ട്-
വെള്ളപ്പം മൂടുന്നു കൂട്ടുകാരെ?
കണ്ടൻപൂച്ച കണ്ടാലുമെങ്ങാൻ
കട്ട് കളയുമെന്നോർത്തിട്ടാവാം!

## 73. ഞാനാര്?

തലയും കുത്തി കടലാസിൽ

തപ്പിനടക്കും നേരത്ത്
ഒളിഞ്ഞിരിക്കും കാര്യങ്ങൾ
തെളിഞ്ഞു കാണാം കടലാസിൽ
ഞെളിഞ്ഞിരിക്കും മാറിൽ ഞാൻ
എന്നുടെ പേരെന്തറിയാമോ?

## 74. അമ്പിളിയപ്പം

ആയിരം താരകക്കൂട്ടുകാർ ചേർന്ന്
ആകാശ വീട്ടിലൊരപ്പം ചുട്ടു
കൈയെത്താ ദൂരത്തെ 'പാലപ്പം'
വാങ്ങുവാൻ കോണി കൊണ്ടോടി വായോ!

## 75. കുന്നികുരു

മോന്തകറുപ്പ്-
ബാക്കി ചുവപ്പ്-
കുഞ്ഞൻമാരാണെല്ലാരും.
കുന്നിൽ വളരണകുന്നി-
മരത്തിൻ കൺമണിമാരാണല്ലാരും
കുഞ്ഞൻമാരെ കൊണ്ടുവരു-
കുന്നികുരുമണിമാലതരാം.

## 76.ചിത്രം

മാരിക്കാറും സൂര്യനുമൊത്ത്-
വരച്ചൊരു ചിത്രം വിണ്ണിൽ
കണ്ടാലെത്ര വിചിത്രം ചിത്രം-
മഴവിൽക്കൊടിയുടെ ചിത്രം.

## 77.തക്കിട തരികിട

തക്കിട തരികിട കുട്ടിച്ചെണ്ട
കുട്ടൻ വാങ്ങിയ കുട്ടിച്ചെണ്ട
തട്ടും നേരം ഡിണ്ടം ചൊല്ലും-
കുട്ടൻ വാങ്ങിയ കുട്ടിച്ചെണ്ട

## 78.ചിരി

തുമ്പപ്പൂവിൻ നിറമുള്ള മാമൻ -
തുമ്പപ്പൂവിൻ ചിരിയുള്ള മാമൻ
ആകാശത്തിൻ തുഞ്ചത്തിരുന്ന്-
ആരെയോ നോക്കി ചിരിക്കുന്നു രാവിൽ

## 79.ഒട്ടകം

കടലിലിറങ്ങാത്ത കപ്പൽ!
കാലുകൾ നാലുള്ള കപ്പൽ
മരുഭൂവിലോടുന്ന കപ്പൽ
വാലുള്ള കപ്പൽ, വയറുള്ള കപ്പൽ
മുതുകത്ത് കൂനുള്ള കപ്പൽ

## 80.തോണി വരുന്നേ

വെള്ളമില്ലാക്കായലിൽ-
തെന്നിവരുന്നൊരു തോണി
മിന്നിടുന്ന താരകങ്ങൾ
കണ്ടിടുന്നൊരു തോണി
വെള്ളമില്ലാത്ത കായലേത്?

വാനമാണ് കൂട്ടരേ
തെന്നിവരും തോണിയേത്?
ചന്ദ്രക്കലയാണ് കൂട്ടരേ!

## 81.പാല്

ഉണ്ണിക്കിണ്ണം മാനത്ത്-
വെള്ളിക്കിണ്ണം മാനത്ത്
കിണ്ണം നിറയെ പാലുണ്ട്
കണ്ണ് നിറച്ച് കുടിച്ചോളൂ
കണ്ണിനുകുളിരാകും പാല്
ആഹാ! പൂനിലാപ്പാല്

## 82. അന്തി

അന്തിപിറന്നാലെന്തഴക്-
അന്തിവിണ്ണിനെന്തഴക്
അന്തിച്ചോപ്പാണങ്ങകലെ-
ആഹാ! കാണാനെന്തഴക്
പറവക്കൂട്ടം ചേക്കേറാൻ-
പാട്ടും പാടിപ്പോകുന്നു-
കൂടില്ലാത്തൊരു വെൺമുകിലും-
കൂടെ പാറി പോകുന്നു
അങ്ങകലത്തൊരു നക്ഷത്രം-
കണ്ണ് മിഴിച്ച് ചിരിക്കുന്നു!
മണ്ണിൽ കളികൾ മതിയാക്കി-
കുട്ടനും കൂട്ടരുമോടുന്നു.

**83.മലരല്ലേ...**

ദൂരെ ദൂരെ മാനത്ത്-
മാരിക്കാറിൻ ചാരത്ത്-
മനം മയക്കും മലർപോലെ-
വിടർന്നു നിൽക്കും മഴവില്ലേ
മായല്ലേ നീ മഴവില്ലേ-
വിണ്ണിൽ നീയൊരു മലരല്ലേ?!

**84.മഴച്ചാട്ടം**

ചടുകുടു ചടുകുടു മഴ ചാടുമ്പോൾ-
കുടയും ചൂടി പോകുമ്പോൾ
കുടയുടെ മീതെ മഴയുടെ താളം
ധിംധിംധിമിധിമിധിംധിംധിം.

**85.പേരാലും പുൽക്കൊടിയും**

പേരാലൊരു നാൾ അരികേ വളരും
ഒരു ചെറുപുൽക്കൊടിയോടോതി
ഞാനൊരു ഭീമൻ വൃക്ഷം പക്ഷേ.
നീയോ വെറുമൊരു പുൽക്കൊടിയും
എന്നെ വീഴ്ത്താനൊക്കില്ലാർക്കും
നിൻകഥയെന്തേ ചൊല്ലേണ്ടു
പേരാൽ തന്നുടെ വീമ്പത് കേട്ടിട്ടാ-
വഴിവന്നൊരു കാറ്റപ്പോൾ
ഉശിരോടങ്ങനെ ഊക്കിലടിച്ചി-
ട്ടാൽ വൃക്ഷത്തെ മറിച്ചിട്ടു
കുഞ്ഞേ, അറിയുക നിന്നെ വീഴ്ത്താ-

നൊക്കില്ലെന്നുടെ ശക്തിക്കും
പുൽക്കൊടിയോടായ് കാറ്റ് പറഞ്ഞി-
ട്ടെങ്ങോ പാടി പാറിപ്പോയ്.

**86.ഇടവം**

ഇടവം വന്നൊരു വഴിയേതന്നെ-
ഇടിയും മഴയും വന്നൊരു നേരം
ഇടവഴി പുഴയായ് വയലൊരു കടലായ്
കുഴിയും കുളവും ഒന്നായി.

**87.ഞാൻ കൂടാം**

പാളത്തിൻമേൽ പായുന്നു-
താളത്തോടെ പായുന്നു
'നീളക്കാരൻ' തീവണ്ടി
നീട്ടിക്കൂവി പായുന്നു
നിന്നോടൊപ്പം ഞാൻ പോരാം
നിന്നുടെ വാലിൽ ഞാൻ കൂടാം.

**88.നോക്കുകുത്തി**

വയലിനു നടുവിൽ-
വടിയുടെ മുകളിൽ
കാലുവിടർത്തി കൈകൾ നിവർത്തി
അയ്യാ നല്ലൊരു ചട്ടിത്തലയും-
കരികൊണ്ടുള്ളൊരു കണ്ണും മൂക്കും-
കാണാനെന്തൊരു കൗതുകമാണേ-
വയലിനു നടുവിലെ നോക്കുകുത്തി!

**89.പൂച്ച**

കാല് നാലുള്ള പൂച്ച
കാലിൽ കറുപ്പുള്ള പൂച്ച
ചേലോത്ത വാലുള്ള പൂച്ച
വാലിൽ വെളുപ്പുള്ള പൂച്ച
തട്ടിൻപ്പുറത്തുള്ള പൂച്ച
ചാട്ടം പിഴക്കാത്ത പൂച്ച.

**90.മഴ പെയ്യുന്നു**

തപ്പും തുടിയും മാനത്ത്-
മഴയുടെ താളം താഴത്ത്
വയല് കവിഞ്ഞേ എ്യലയ്യാ-
പുഴകൾ നിറഞ്ഞേ എ്യലയ്യാ
പുത്തൻ കുടയുടെ പത്രാസിൽ-
പുഴയുടെ കരയിൽ പോകാം വാ!

**91.തീവണ്ടി**

വണ്ടീ വണ്ടീ തീവണ്ടി
തെണ്ടി നടക്കും തീവണ്ടി
മണ്ടിപ്പോകും നേരത്ത്-
കണ്ടാലെന്തൊരു തണ്ടാണ്-
പള്ള നിറച്ചും തീയുണ്ടോ?
തൊള്ള നിറച്ചും പുകയാണോ?

**92.നാവ്**

വെളുത്ത സൈന്യം വളഞ്ഞു നിൽക്കും-

'വായക്കൊട്ടാരം'
കൊട്ടാരത്തിനകത്തുണ്ട്-
നേരറിയാത്തൊരു രാജാവ്-
നീണ്ടുപരന്നൊരു യോദ്ധാവ്!

**93.ചെണ്ട**

ഇരുമണ്ടയുള്ളവൻ-
"ഡുണ്ടും" മിണ്ടുന്നവൻ
പങ്കുണ്ണിമാരാർ തൻ
പുന്നാരമോൻ
കിട്ടുന്ന കാശിൽ-
പങ്കില്ലയെങ്കിലും
കിട്ടുന്ന തല്ലിന്ന്-
കണക്കില്ല പോലും

**94.ആകാശക്കൊട്ടാരം**

കാണാൻ നല്ലൊരു കൊട്ടാരം-
താങ്ങാൻ തൂണുകളില്ലല്ലോ
താങ്ങാൻ തൂണില്ലെന്നാലും
താഴെ വീഴുകയില്ലല്ലോ!
അന്തിപിറക്കും നേരത്ത്-
താരകൾ തെളിയും കൊട്ടാരം
പകലവനെന്നൊരു രാജാവ്-
പകൽ ഭരിക്കും കൊട്ടാരം!
അന്തിപിറക്കും നേരത്ത്-
അമ്പിളി മാമൻ രാജാവ്

രാവും പകലും മാറി ഭരിക്കും-
നീലാകാശക്കൊട്ടാരം!

**95.കുടയേത്?**

മഴകൊള്ളാതെ മാക്രിക്കുട്ടൻ-
ചോട്ടിലിരിക്കും കുടയാണേ
മഴനാളുകളിൽ താനേവിടരും-
മണിമണിപോലൊരു കുടയാണേ
കമ്പികളില്ല ശീലയുമില്ല-
വെളുവെളുത്തൊരു കുടയാണേ
മാക്രിക്കുട്ടൻ ചോട്ടിലിരിക്കും-
വെള്ളക്കുടയുടെ പേരെന്ത്?

**96.പുഴപ്പാട്ട്**

പുഴയുടെ മീതെ കാറ്റ് വരുമ്പോൾ-
പുഴ പാടുന്നൊരു പാട്ടുണ്ട്.
ചൊടിയോടലകൾ നൃത്തം ചെയ്ത്
ചേലിൽ പാടും പാട്ടുണ്ട്.
പാട്ടത് കേൾക്കാൻ വരുവിൻ കൂട്ടരേ-
കൂടെപ്പാടാൻ കൂട്ടീടാം.

**97.തോണി**

ആകാശപ്പൊയ്കയിലുണ്ട്
അഴകാർന്നൊരു ചെറുതോണി
ഹാ നല്ലൊരു വെള്ളിത്തോണി
ആലോലം വരവുണ്ട്

മേഘത്തിരമാലകളിൽ
അയ്യയ്യോ മറയും തോണി
തുഴയാതങ്ങനെ താനേ നീങ്ങും-
ഏതാണീ ചെറുതോണി?
തിത്തെതോംതകതിത്തെതോം-
പേരൊന്നു പറഞ്ഞാട്ടേ.

**98.കടൽ**
കാറ്റ് വരുമ്പോൾ കലിതുള്ളും
കാറ്റ് നിലച്ചാൽ കളിചൊല്ലും
നീല കടലേ നീയെന്തേ
നിറങ്ങളിങ്ങനെ മാറുന്നു!

## 99.കുസൃതിക്കാറ്റ്
തൊട്ടുവിളിക്കും കുസൃതിക്കാറ്റേ-
ഞെട്ടിയുണർന്നു കുതിക്കും കാറ്റേ-
ഞെട്ടറ്റു വീണൊരു മാമ്പഴം നിന്നുടെ-
തൊട്ടുതലോടലിൽ പെട്ടതാണോ?!

## 100.സൂര്യൻ
കിഴക്ക് ദിക്കിൽ മലമുക്കിൽ
ഉദിച്ചുയർന്നു വരുന്നുണ്ട്
പുഞ്ചിരിതൂകി പൊന്നൊളി ചിതറി
ഉദിച്ചു പൊങ്ങി വരുന്നുണ്ട്
പാരിൽ വെളിച്ചമേകനെന്നും
ഉദിച്ചു പൊങ്ങും ചങ്ങാതി

പടിഞ്ഞാറെത്തും നേരത്ത്
പതിവായ് മുങ്ങും ചങ്ങാതി.

**101.അമ്പിളിക്കിണ്ണം**

കിണ്ണം കിണ്ണം മാനത്ത്
വെള്ളിക്കിണ്ണം മാനത്ത്
വെച്ച് മറന്നത് ഞാനല്ല!
കാലത്തവിടെ കണ്ടില്ല
കാറ്റും കടലുമറിഞ്ഞില്ല
കിണ്ണമെടുത്തവരാരാണ്?

**102.ഇരുമ്പ് കാള**

ഇരുമ്പ് കൊണ്ടൊരു കൊമ്പൻ കാള-
ഇരുന്നു പോകാം പോരുന്നോ?
ഇരുന്നു കാലാൽ ഒന്നു മെതിച്ചാൽ -
വിരണ്ടുപായും ഈ കാള-
വിരണ്ടനേരത്താളുകളറിയാൻ -
ഇരുമ്പ് കൊമ്പിൽ മണിയുണ്ട്
കൈ വിരലൊന്ന് ചലിപ്പിച്ചാൽ
കേൾക്കാം മണിയടി ണിം...ണിം...ണിം...

**103.കിണർ**

മുറ്റത്തുണ്ടൊരു ചെപ്പ്-
കല്ല് പടുത്തൊരു ചെപ്പ്
എന്താ ചെപ്പിനകത്ത്?
കുളിരുതരും തെളിനീര്!

കുടവും കൊണ്ടേ പോരൂ.
കുളിരും കൊണ്ടേ പോകാം.

**104.കിളികൾ**

കാലത്തുണരും കളമൊഴിചൊല്ലും
പാറും വർണപ്പൂക്കൾ കിളികൾ!
അരുതരുതവയെ പിടികൂടരുതേ-
അരുമകളാണല്ലോ കിളികൾ
അവയുടെ കലപിലകേട്ടിട്ടല്ലോ-
നാമും നാടും ഉണരുന്നു!

**105.മഴവില്ല്**

മാനത്തുണ്ടൊരു മഴവില്ല്-
ഏഴു നിറത്തിൽ മഴവില്ല്
മായല്ലേ നീ മഴവില്ലേ-
മാനത്തെന്നും നില്ക്കാമോ?

**106.കാക്കയോട്**

ക്രാ...ക്രാ...ചൊല്ലിക്കൊമ്പിലിരിക്കും-
കറുകറുമ്പി കാക്കേ
കാലമൊരിത്തിരിയായല്ലോ നീ-
ക്രാ... ക്രാ...മാത്രം ചൊല്ലുന്നു?
കാലത്തെന്നുടെ കൂടെ പോന്നാൽ-
കൂട്ടിന്നിരുത്താം നഴ്സറിയിൽ!

## 107.ആകാശക്കണ്ണ്

ആയിരം കണ്ണ് മിഴിച്ചു-
അന്തിക്ക് നീലാകാശം
ആകാശക്കണ്ണുകളേവ?
താരക കുഞ്ഞുങ്ങളല്ലോ!

## 108.കാറ്റ്

പാത്തും പതുങ്ങിയും വന്നകാറ്റേ-
പൂമണം വീശുന്ന കൊച്ചുകാറ്റേ
പാരിടം ചുറ്റിപ്പറന്നിടുവാൻ
പാതിരാനേരത്തും പേടിയില്ലേ?!

## 109.കാറ്റിനോട്

മണമറിയില്ല നിറമില്ല-
വിറളിപിടിച്ച് നടക്കുന്നു
വെറുതെ മാവിൻ ചില്ല കുലുക്കി
മാമ്പൂ താഴെ വീഴ്ത്തുന്നു
മണ്ണിലിരുന്ന് കളിക്കും കുഞ്ഞിൻ
കണ്ണിൽ പൊടിയും വീഴ്ത്തുന്നു
കുളിരുള്ളവനെ കുസൃതിക്കാറ്റേ-
വെറുതെയിരിക്കാൻ അറിയില്ലേ?

## 110.കാളയാര്?

കണ്ടപ്പൻ കാളക്ക്-
രണ്ടുണ്ട് കൊമ്പ്
കുത്താൻ കുലുക്കുന്ന-
വല്ലാത്ത കൊമ്പ്
ഇല്ലത്തെ കാളക്ക്-

പള്ളക്ക് കൊമ്പ്
പളപളമിന്നുന്ന
പിച്ചളക്കൊമ്പ്
ഇല്ലത്തെ കാളക്ക്
പേരെന്ത് ചൊല്ലു-
ഇല്ലാത്ത പേരൊന്നും-
ചൊല്ലരുതാരും!

**111.മരം**

മരം വളർത്താം കുട്ടികളേ-
മരമൊരുവരമാണോർത്തിടണേ
മരങ്ങളല്ലോ നമ്മൾക്ക്
കായും കനിയും നൽകുന്നു
കായും കനിയും കൂടാതെ-
തളിരും കുളിരും നൽകുന്നു
മരമില്ലെങ്കിൽ നാമില്ല-
മൃഗങ്ങളില്ലാ പക്ഷികളും.